(സി) പ്രസ്തുത റോഡിൽ വേണ്ട അറ്റകുറ്റപ്പണികളെങ്കിലും ഉടനടി ചെയ്യുതീർക്കുവാൻ ഗവണ്മെൻറു തയ്യാറാവുമോ?

ഉത്തരം.

(എ) പ്രസ്തുത റോഡ് മെറ്റൽ ചെയ്തിട്ടില്ല.

(ബി) റോഡിനു കേടുകൂടാതെ വന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അത്യാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വേണ്ട നടപടി കൈക്കൊണ്ടിട്ടുണ്ട്.

പാലങ്ങൾ.

242. [6.] ശ്രീ. പി. ഭാസ്കരൻനായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വരുന്ന സാമ്പത്തികവർഷത്തിൽ പണി ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുള്ള പാലങ്ങളുടെ ലിസ്റ്റ് ഗവണ്മെൻറ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയിൽ, 1. പുതിയ പാലങ്ങൾ എത്ര?
2. കേടുപോക്കി നന്നാക്കുന്നവ എത്ര?

(സി) പുതിയ പാലങ്ങളുടെ ലിസ്റ്റിൽ കോട്ടയം–ഇറഞ്ഞാൽ പാലം ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) 1. 71.
2. 7.

(സി) ഇല്ല.

കർഷകർക്ക് ആശ്വാസനടപടികൾ.

243. [87] ശ്രീ. പി. നാരായണൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുതരം കൃഷിക്കാർക്ക് ധനമായോ മറ്റു വിധത്തിലോ സഹായം ചെയ്യുന്നതിന് ഏതെല്ലാം നടപടികളാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 1950 ഏപ്രിൽ മുതൽ ഓരോ സാമ്പത്തികവർഷത്തിലും, ഈ ഇനത്തിൽ ഓരോ ഇനത്തിലും ഗവണ്മെൻറിനിന്നും എത്ര രൂപാ വീതം ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം.

(എ) ജി. എം. എഫ്. പദ്ധതിപ്രകാരം തവണയനുസരിച്ചു തിരിച്ചടയ്ക്കത്തക്കവണ്ണം പണം കടംകൊടുക്കുക, വിത്തും, വളവും പ്രാണിസംഹാരിയും, കൃഷിയായുധങ്ങളും സൗജന്യനിരക്കിൽ നൽകുക, വളം ലോണായി നൽകുക, പമ്പിംഗ് സബ്സിഡി കൊടുക്കുക മുതലായ സഹായങ്ങൾ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly